(1)

ലോക വികലാംഗദിന സോവനീർ
1973 മാർച്ച്

# അന്ധരുടെ വിദ്യാഭ്യാസവും പുനരധിവാസവും

എൻ. വി. കൃഷ്ണവാര്യർ

അന്ധരുടെ വിദ്യാഭ്യാസത്തിനു താരതമ്യേന മോശമല്ലാത്ത സംവിധാനങ്ങൾ ഇന്നു കേരളത്തിലുണ്ടു്. കാസർകോട്ടു്, മങ്കട–പള്ളിപ്പുറം, കുന്നംകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലുള്ള ഹോസ്റ്റലുകളിൽ ഇപ്പോൾ കിട്ടിവരുന്ന സൗകര്യങ്ങൾ തന്നെ തികച്ചും ഉപയോഗപ്പെടുത്തുന്നതായി പറഞ്ഞുകൂട. അന്ധരായ ബാലികാബാലന്മാരെ, പ്രത്യേകിച്ച ബാലികമാരെ, വീട്ടിനു പുറത്തയച്ചു പഠിപ്പിക്കുന്നതിൽ അച്ഛനമ്മമാർ ഇന്നും ഉൽസുകരല്ല. അതിനാൽ ഒട്ടേറെ അന്ധബാലകർ വിദ്യാഭ്യാസം നേടാതെ വളരുന്നു. ഇത്തരം കുട്ടികളെ ഹോസ്റ്ററലുകളിൽ ചേർത്തു പഠിപ്പിക്കുവാൻ വ്യാപകമായ പ്രചാരണം നടത്തേണ്ടിയിരിക്കുന്നു. സാമൂഹ്യപ്രവർത്തകരുടെ ശ്രദ്ധ പതിയേണ്ട ഒരു രംഗമാണിതു്.

## സാധാരണ സ്കൂളുകളിൽ

പിഞ്ചുകുട്ടികളെ, വിശേഷിച്ചു് ശാരീരികാവശതയനുഭവിക്കുന്നവരെ, ഹോസ്റ്റലുകളിലയയ്ക്കുവാൻ അച്ഛനമ്മമാർക്കു മടിയുണ്ടാവുന്നതു് സ്വാഭാവികം മാത്രമാണു്. എന്നാൽ, അടുത്തുള്ള സ്കൂളിൽ അന്ധവിദ്യാഭ്യാസത്തിനു സൗകര്യമുണ്ടെങ്കിൽ അച്ഛനമ്മമാർ അതുപയോഗപ്പെടുത്താതിരിക്കയില്ല. അതിനാൽ, സാധാരണ സ്കൂളുകളിൽ, ചുരുങ്ങിയതു് അഞ്ചു് അന്ധവിദ്യാർത്ഥികളെങ്കിലുമുണ്ടെങ്കിൽ, അവർക്കായി ഒരു ബ്രെയ്‌ൽ അധ്യാപകനെ നിയമിക്കാൻ സർക്കാർ തയ്യാറാവേണ്ടതാണു്. എല്ലാ അന്ധബാലകർക്കും വിദ്യാഭ്യാസം നൽകാനെന്നപോലെ, അഭ്യസ്തവിദ്യരായ അന്ധർക്കിടയിൽ നിലവിലുള്ള തൊഴിലില്ലായ്മയുടെ ആഴം ഒട്ടൊന്നു കുറയ്ക്കാനും ഈ നടപടി ഉതകും.

ഏഴാം സ്റ്റാൻഡേർഡിനു ശേഷം അന്ധരെ സാധാരണ സ്കൂളുകളിൽ ചേർത്തു പഠിപ്പിക്കുകയാണല്ലോ ഇന്നത്തെ വഴക്കം. ഇതിൽ തെററൊന്നുമില്ല. എങ്കിലും, അന്ധവിദ്യാർത്ഥികളുള്ള സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരും മററ് അധ്യാപകരും അന്ധവിദ്യാഭ്യാസത്തിന്റെ മൗലികതത്വങ്ങളെങ്കിലും അറിഞ്ഞിരിക്കണം. അന്ധരായ വിദ്യാർത്ഥികൾക്ക്, പ്രത്യേകിച്ച് വിദ്യാർത്ഥിനികൾക്ക്, ചില സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടിവരും — മുഖ്യമായും ശാരീരികരക്ഷ സംബന്ധിച്ച സൗകര്യങ്ങൾ. അവർക്ക് വായിച്ചുകൊടുക്കുവാനും, അവർ പറയുന്നത് കേട്ട് തെററാതെ പരീക്ഷയെഴുതുവാനും സമർത്ഥരായ ചില വിദ്യാർത്ഥികളെ നിയമിക്കുകയും വേണം. അന്ധരുടെ കാര്യങ്ങളിൽ വ്യക്തിപരമായ ശ്രദ്ധ ചെലുത്തണം; ബ്രെയ്ൽ സ്ലെയ്റ്റ്, ടൈപ്പ്റൈററർ മുതലായ ഉപകരണങ്ങൾ അവർക്കു ലഭ്യമാക്കണം. ബ്രെയ്ൽ പുസ്തകങ്ങളും റിക്കാർഡുകളും റിക്കാർഡ് പ്ലേയറുകളും സംഭരിക്കുവാനും—അതു സാധ്യമെങ്കിൽ—ശ്രമിക്കണം. എന്നാൽ, അതിരു കവിഞ്ഞ ശ്രദ്ധയോ ലാളനമോ അന്ധവിദ്യാർത്ഥികൾക്കു നൽകുന്നതായി അവർക്കോ മററു വിദ്യാർത്ഥികൾക്കോ തോന്നാൻ ഇടവരുത്തുകയുമരുത്. സാധാരണ വിദ്യാർത്ഥികളിലില്ലാത്ത ചില സവിശേഷതകൾ തങ്ങൾക്കുള്ളതായി വികലാംഗർ വിചാരിക്കാതിരിക്കയില്ല. ഈ വിചാരത്തിന്റെ പ്രതിഫലനം മുഖ്യമായി രണ്ടു തരത്തിലാവാം: ഒന്ന്, തങ്ങൾ അവഗണിതരും നിരാശ്രയരുമാണെന്ന വിഷാദബോധത്തിന്റെ രൂപത്തിൽ; രണ്ട്, തങ്ങൾക്കു ചില പ്രത്യേകാധികാരങ്ങളുണ്ടെന്നും അവ അനുവദിക്കാത്ത നിഷ്ഠുരസമുദായത്തോട് പൊരുതേണ്ടതാണെന്നുമുള്ള അക്രമാസക്തിയുടെ രൂപത്തിൽ. ഈ രണ്ടുതരം കോംപ്ലെക്സുകളും വികലാംഗരിൽ ഉണ്ടാകാതെ നോക്കുകയും, അവികലാംഗരായ സമുദായാംഗങ്ങളുമായി വികലാംഗരെ കഴിയുന്നത്ര പൂർണ്ണമായി പൊരുത്തപ്പെടുത്തുകയും ആണ്, ആകണം, വികലാംഗവിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം. ഈ സംഗതിയെപ്പററി അധ്യാപകർ തികച്ചും ബോധവാന്മാരാകണം.

## സംവരണം

വികലാംഗവിദ്യാഭ്യാസത്തിന്റെ രണ്ടാമത്തെ ലക്ഷ്യം, സമുദായത്തിനു പ്രയോജനകരവും ഉല്പാദകവുമായ എന്തെങ്കിലും തൊഴിലെടുത്ത് പ്രതിഫലം നേടി സ്വന്തം കാലിൽ നിൽക്കുവാനും, അവികലാംഗരെപ്പോലെതന്നെ തൃപ്തികരമായ കുടുംബജീവിതം നയിക്കുന്നതിനും വികലാംഗർക്ക് കഴിവുണ്ടാക്കിക്കൊടുക്കുകയാണ്. എന്നാൽ വികലാംഗർക്കു മാത്രമല്ല, അവികലാംഗർക്കും, ഏതെങ്കിലും തരത്തിലുള്ള തൊഴിൽപ്പരിശീലനം നൽകുന്നതിൽ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം പരാജയപ്പെട്ടിരിക്കുന്നു. ശാസ്ത്രമാനവികവിഷയങ്ങളിൽ ഡോക്ടറേററ് – പോസ്റ്റ്ഗ്രാജ്വേററ് ബിരുദങ്ങളും, സാങ്കേതികവിഷയങ്ങളിൽ ഗ്രാജ്വേററ്ബിരുദങ്ങളും നേടിയ, വികലാംഗരല്ലാത്ത, മൂന്നോ നാലോ ആയിരം യുവാക്കൾ ഇന്നു കേരളത്തിൽ തൊഴിലില്ലാത്തവരായുണ്ട്. എസ്. എസ്. എൽ. സി. പാസ്സായ ശേഷം തൊഴിലില്ലാതെ അലയുന്നവരുടെ സംഖ്യ ലക്ഷക്കണക്കിനുണ്ടാകും. വ്യാപകമായ ഈ തൊഴിലില്ലായ്മയുടെ തീവ്രത ആണ്ടോടാണ്ട് വർദ്ധിച്ചുവരുന്നതായാണ് അനുഭവം. സംഗതികൾ ഇങ്ങിനെയിരിക്കേ, അഭ്യസ്തവിദ്യരായ വികലാംഗർ തുറന്ന തൊഴിൽവിപണിയിൽ മത്സരിച്ചു വിജയം നേടുമെന്നു

വിശ്വസിക്കുക വയ്യ. ജാതിപരമായ അവശതകളുള്ളവർക്ക് ഉദ്യോഗകാര്യത്തിൽ നാം സംവരണം നൽകിയിട്ടുണ്ട്. ജാതിപരമായ അവശതയെക്കാൾ ദയനീയവും പ്രത്യക്ഷവും ആണ് അംഗവൈകല്യം കൊണ്ടുണ്ടാവുന്ന അവശതയെന്ന് പറയേണ്ടതില്ല. അതിനാൽ വികലാംഗർക്ക് തൊഴിൽരംഗത്ത് സംരക്ഷണവും സംവരണവും നൽകുന്നതിന് പാർലമെൻേറാ സ്റ്റേററ് നിയമസഭകളോ നിയമമുണ്ടാക്കാൻ ഒരിക്കലും വൈകിച്ചുകൂട.

## തൊഴിൽപ്പരിശീലനം

അപകടസാധ്യത കുറഞ്ഞവയും ആവർത്തനസ്വഭാവമുള്ളവയുമാകയാൽ വികലാംഗർക്ക് തൃപ്തികരമായി ചെയ്യാൻ കഴിയുന്ന പലതരം തൊഴിലുകളുണ്ട്. ചൂരൽ കൊണ്ടോ പ്ലാസ്റ്റിക്ക കൊണ്ടോ ഉള്ള മെടച്ചിൽ വേലകൾ, സൈക്കിൾ പോലെയുള്ള ലഘുയന്ത്രങ്ങൾ ഘടകങ്ങൾ ചേർത്തുണ്ടാക്കി തയ്യാറാക്കുന്നതും അഴിച്ച് റിപ്പയർ ചെയ്യുന്നതും, ലക്കോട്ടുകളുണ്ടാക്കൽ, സോപ്പുകൾ പോലെയുള്ള ഉല്പന്നങ്ങൾ പാക്ക ചെയ്യൽ മുതലായ പലതരം തൊഴിലുകളിൽ അന്ധന്മാർക്ക് പരിശീലനം ഡെഹ്റാദൂണിൽ ഇപ്പോൾത്തന്നെ നൽകിവരുന്നു. മത്സ്യക്കയററുമതി, അണ്ടി സംസ്കരണം, കയർ നിർമ്മാണം മുതലായ കേരളത്തിലെ പാരമ്പര്യത്തൊഴിലുകളിൽ മിക്കതും വികലാംഗർക്ക് ചെയ്യാൻ കഴിയും. കൃഷിയാണ് അന്ധന്മാർക്ക ചെയ്യാവുന്ന മറെറാരു തൊഴിൽ. ഉടുപ്പുനിർമ്മാണം, കൃഷി, ടൈപ്പിങ്ങ്, കമ്പോസിങ്ങ് മുതലായ പല തൊഴിലുകളും ബധിരർക്ക പ്രയാസമുള്ളവയല്ല.

അന്ധരെയും ബധിരരെയും തൊഴിൽ പരിശീലിപ്പിക്കുന്നതിന് കേരളത്തിൽ ഒരേർപ്പാടും ഇന്നില്ല. സർക്കാർ നേരിട്ട് പരിശീലനം നൽകുന്നത് ഇപ്പോഴത്തെ ചുററുപാടിൽ ഫലപ്രദമായിരിക്കുമെന്നു തോന്നുന്നില്ല. വികലാംഗസംഘടനകൾ വേണം ഇത്തരം പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുവാൻ. അവക്ക് സർക്കാരും പൊതുജനങ്ങളും ഉദാരമായ സഹായം നൽകണം.

പൊതുമേഖലയിലുള്ള ഉദ്യോഗങ്ങളിൽ ഒരു ചെറിയ ശതമാനമെങ്കിലും വികലാംഗർക്ക നീക്കിവയ്ക്കുന്ന ഒരു നിയമം കേരള നിയമസഭ പാസ്സാക്കണം. ഏതാനും ഫാക്ടറികളിൽ വികലാംഗർ സമർത്ഥമായും അപായം കൂടാതെയും ജോലി ചെയ്യുന്നുണ്ടെന്ന് തെളിയിക്കപ്പെട്ടാൽ, സ്വകാര്യമേഖലയിലും അവക്ക് ഉദ്യോഗസാധ്യത വർദ്ധിക്കാതിരിക്കയില്ല. അന്ധരെ ജോലിക്കു വെച്ചാൽ ജോലി നടക്കുകയില്ല; അവർക്ക് മൂത്രപ്പുര മുതലായ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടിവരും; അവരുടെ ശാരീരികസുരക്ഷയ്ക്കു വേണ്ടി മററു ചിലരെക്കൂടി നിയമിക്കേണ്ടിവരും; അവർ ഉണ്ടാക്കുന്ന അച്ചടക്കപ്രശ്നങ്ങൾ നിരവധിയാണ്—ഏതാണ്ട് മേല്പറഞ്ഞ തരത്തിലുള്ള വാദങ്ങൾ പല ഫാക്ടറി മാനേജർമാരും പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. എതിർവാദങ്ങൾ കൊണ്ട് അവരെ കീഴടക്കാമെന്ന് കരുതുന്നത് മൗഢ്യമായിരിക്കും. ഉദാഹരണങ്ങളിലൂടെ വേണം അവരുടെ ഈ മനോഭാവം മാററിയെടുക്കുവാൻ. അതിനുവേണ്ടി, മാതൃകയായിട്ടെങ്കിലും കുറെ വികലാംഗരെ പൊതുമേഖലയിലെ വ്യവസായങ്ങളിൽ ജോലിയ്ക്കെടുക്കണം.

''സ്പെഷ്യൽ എംപ്ലോയ്മെൻറ് പ്രോഗ്രാം'' എന്ന പേരിൽ, പ്രത്യേകവിഭാഗങ്ങളിൽപ്പെട്ടവക്ക ജോലി നൽകുന്നതിനുള്ള പല പരിപാടികളും നടപ്പിലാക്കിക്കൊണ്ടിരിക്കയാണ്. എൻജിനീയർമാർ സഹകരണാടിസ്ഥാനത്തിൽ നട

ഇരുന്ന "എൻകോസ്" ഒരുദാഹരണം. എന്തുകൊണ്ട് കേരളത്തിലെ വികലാംഗർക്ക് തൊഴിൽ നൽകുന്ന ഒരു പരിപാടി വികലാംഗർ തന്നെ ആവിഷ്കരിക്കുന്നില്ല? തീർച്ചയായും സർക്കാർ സഹായം അവർക്കു ലഭിക്കാതിരിക്കയില്ല.

## വികലാംഗർ ഉണരുക

കേരളത്തിൽ ഉന്നതവിദ്യാഭ്യാസം ലഭിച്ച ഏതാനും വികലാംഗർ ഇന്നുണ്ട്. മികച്ച പ്രതിഭാശാലികളും ഇക്കൂട്ടത്തിൽ ഇല്ലായ്കയില്ല. വിദ്യാഭ്യാസം നേടിക്കഴിഞ്ഞാൽ ഏതെങ്കിലും ജോലിയിൽ പ്രവേശിച്ച് മാനമായി ജീവിക്കാനാണ് ഇവരിൽ അധികംപേരും ആഗ്രഹിക്കുന്നത്. അതിൽ തെററൊന്നുമില്ല. എന്നാൽ, വിദ്യാഭ്യാസമോ തൊഴിലോ ഇല്ലാത്ത എത്രയോ വികലാംഗർ നിരാശ്രയരായി, മിസ്സുവാറും പിച്ചക്കാരായി, നമ്മുടെ നാട്ടിൽ നരകിച്ചു ജീവിച്ച മരിക്കുന്നുണ്ടെന്ന വസ്തുത ഇവർ മറക്കരുത്. വികലാംഗരെ അഭ്യസ്തവിദ്യരാക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് വികലാംഗർ തന്നെ നേതൃത്വം നല്കണം. ഇത് അവരുടെ പാവനമായ കർത്തവ്യമാകുന്നു. വികലാംഗരെസ്സംബന്ധിച്ച് ഒരു നൂററാണ്ടു മുമ്പ് ലോകമെങ്ങും നിലവിലുണ്ടായിരുന്ന ധാരണയും ഇന്നുള്ള ധാരണയും തമ്മിൽ എന്തൊരന്തരമാണ്! അന്ന് അവർ സമുദായത്തിന്റെ ശാപങ്ങളും പാപികളും ആണെന്ന് കണക്കാക്കപ്പെട്ടിരുന്നു. ഇന്നാകട്ടെ, അംഗവൈകല്യമെന്ന ഒരവശത ഒഴിച്ചാൽ മററെല്ലാ കാര്യത്തിലും അവികലാംഗരോട് പൂർണ്ണമായ സമത്വമുള്ളവരായാണ് വികലാംഗരെ പരിഷ്കൃത ജനതകൾ കണക്കാക്കുന്നത്. അംഗവൈകല്യം മൂലം സമുദായത്തിന്റെ സവിശേഷശ്രദ്ധ അവർ അർഹിക്കുന്നതായും അംഗീകരിക്കപ്പെട്ടിരിക്കുന്നു. വികലാംഗരെ സംബന്ധിച്ചിടത്തോളം സമൂഹത്തിന്റെ വീക്ഷണത്തിൽ ആരോഗ്യകരമായ ഈ വിപ്ലവം വരുത്തിത്തീർത്തതിന് മുഖ്യമായും നാം നന്ദി പറയേണ്ടത് ഹെലൻ കെല്ലറോടാകുന്നു. ഹെലൻ കെല്ലറിന്റെ വികലാംഗസേവന ചരിത്രം ഓരോ വികലാംഗനും ആവേശം നൽകേണ്ടതാണ്.

വികലാംഗരുടെ മോചനം വികലാംഗരുടെ തന്നെ പരിശ്രമത്തെയും ത്യാഗസന്നദ്ധതയെയും ആശ്രയിച്ചിരിക്കുന്നു. അന്ധരേ, നിങ്ങൾതന്നെ അന്ധരെ നയിക്കുക!

---

*"നരകത്തിനൊരു കൈപ്പാടകലെയിരിപ്പു സ്വർഗ്ഗം"*

*—കക്കാട്*